# Deepika

## 10 August 2018

## Pathanamthitta, Pamba Dam,Red Alert, Heavy Rain

# പമ്പ ഡാം: റെഡ് അലർട്ട്

**പത്തനംതിട്ട:** ശബരിഗിരി ജലവൈദ്യുതിപദ്ധതിയുടെ ഭാഗമായ പമ്പ സംഭരണിയിലെ ജലനിരപ്പ് ഉയർന്നതിനേത്തുടർന്ന് റെഡ് അലർട്ട് പ്രഖ്യാപിച്ചു. സംഭരണി ഏതുനിമിഷവും തുറന്നു വെള്ളം പമ്പാനദിയിലേക്ക് ഒഴുക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. അതീവ ജാഗ്രതാ നിർദേശമാണ് (മൂന്നാം ഘട്ട റെഡ് അലർട്ട്) പുറപ്പെടുവിച്ചത്.

ഡാമിന്റെ പരമാവധി ജലനിരപ്പ് 986.33 മീറ്ററാണ്. ഇന്നലെ ഉച്ചയോടെ 986 മീറ്റർ കടന്നു. പമ്പയുടെ വൃഷ്ടി പ്രദേശത്ത് ഇന്നലെ രാവിലത്തെ കണക്കിൽ 105 മില്ലി മീറ്ററാണു മഴ പെയ്തത്. കക്കിയിലേക്കുള്ള ഐസി ടണൽ അടച്ച് ജലവിതാനം ക്രമീകരിക്കുന്നതിനാൽ പമ്പയിലെ ജലനിരപ്പ് ഉയരുകയായിരുന്നു.



**കക്കി - ആനത്തോട് സംഭരണിയുടെ ഷട്ടറുകൾ തുറന്നപ്പോൾ.**

പദ്ധതി പ്രദേശത്തുള്ള മഴയുടെയും നീരൊഴുക്കിന്റെയും അടിസ്ഥാനത്തിൽ 100 ക്യുബിക് മീറ്റർ എന്ന തോതിൽ ജലം ഒഴുക്കിവിടാനാണ് ഉദ്ദേശിക്കുന്നത്. ഇതുമൂലം പമ്പയിലെ ജലനിരപ്പ് മൂന്നു മീറ്റർ വരെ ഉയരാൻ സാധ്യതയുണ്ട്. പമ്പ ത്രിവേണിയിലാണു പമ്പ ഡാമിൽനിന്നുള്ള വെള്ളവും എത്തിച്ചേരുന്നത്.